ഉത്തരം

(എ) 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതിനോടൊപ്പം ഭൂവികസനത്തിന് ഡെവലപ്മെന്റ് ചാർജ്ജ് ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി)&(സി) ഭൂവികസന നികുതി ഈടാക്കുന്നതിനുള്ള അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

91 (3179) നഗമ തെക്കുംഭാഗം ഗ്രൂപ്പ് വില്ലേജ്

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ നഗമ-തെക്കുംഭാഗം ഗ്രൂപ്പ് വില്ലേജ് വിഭജിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) എന്നത്തേയ്ക്ക് നടപടികൾ പൂർത്തിയാകും?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) എല്ലാ ഗ്രൂപ്പ് വില്ലേജുകളും വിഭജിക്കുവാൻ റവന്യൂ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ നിയമം

92(3180) ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ നിയമം എന്നു മുതലാണ് പ്രാബല്യത്തിൽ വന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) പുതിയ നിയമപ്രകാരമുള്ള ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ നിലവിൽ വന്നുവോ;

(സി) എങ്കിൽ എന്നുമുതലാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1999 ഒക്ടോബർ 1 മുതൽ

(ബി) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം സംസ്ഥാനത്ത് ഒരു ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly